**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 3** **29-01-2024 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാകുന്ന കെ-സ്മാർട്ട് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന വിവിധങ്ങളായ സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നതിനാണ് കെ സ്മാർട്ട് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതി നഗരഭരണ സ്ഥാപനങ്ങളിൽ 2024 ജനുവരി 1 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. 72 സേവനങ്ങളാണ് ആദ്യ ഘട്ടത്തിൽ ഓൺലൈനായി കെ സ്മാർട്ട് വഴി ലഭ്യമാക്കിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഏതെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ജനന മരണ വിവാഹ രജിസ്ട്രേഷൻ, ബിൽഡിങ് പെർമിഷൻസ്, പ്രോപ്പർട്ടി ടാക്സ്, ലൈസൻസ്, പരാതി പരിഹാരം, എച്ച്.ആർ.എം.എസ്, ഡിജിറ്റൽ ഫയൽ മാനേജ്മെൻറ്, ഫിനാൻസ് എന്നീ മൊഡ്യൂളുകൾ വഴി 72 സേവനങ്ങളാണ് ആദ്യ ഘട്ടത്തിൽ കെ സ്മാർട്ട് വഴി ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളത്. |
| (സി) | വിവിധ സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈനിൽ അപേക്ഷ സമർപ്പിക്കുന്നവർക്ക് ഓൺലൈനായി രസീത് ലഭിക്കുന്നതിനും അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്; വിശദമാക്കാമോ; | (സി) | സിറ്റിസൺ ഓൺലൈനിൽ സമർപ്പിക്കുന്ന അപേക്ഷയുടെ രസീത് അപ്പോൾത്തന്നെ ലഭ്യമാകുന്നതാണ്. സമർപ്പിച്ച അപേക്ഷയുടെ തൽസ്ഥിതി സിറ്റിസൺ ഡാഷ് ബോർഡിൽ ലഭ്യമാണ്. |
| (ഡി) | കെ-സ്മാർട്ട് പദ്ധതിയിലെ എന്റെ കെട്ടിടങ്ങൾ എന്ന മെനുവിൽ എന്തെല്ലാം സേവനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ഡി) | “എന്റെ കെട്ടിടങ്ങൾ” എന്ന മെനുവിലൂടെ ജനങ്ങൾക്ക് സ്വന്തം കെട്ടിടങ്ങളെ സംബന്ധി വിവരങ്ങൾ എളുപ്പത്തിൽ ലഭിക്കുന്നതിനും അവയെ സംബന്ധിച്ച സർട്ടിഫിക്കറ്റുകളും സാക്ഷ്യപത്രങ്ങളും ഓൺലൈനായി എടുക്കുന്നതിനും നികുതികൾ ഓൺലൈനായി അടയ്ക്കുന്നതിനും സാധിക്കുന്നു.<br><br>കെട്ടിട നിർമ്മാണം പൂർത്തീകരിക്കപ്പെടുമ്പോൾ തന്നെ മറ്റൊരു അപേക്ഷ കൂടാതെ നികുതി നിർണയം നടക്കുകയും കെട്ടിട നമ്പറും ബിൽഡിംഗ് |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റും ലഭ്യമാവുകയും ചെയ്യുന്നു. ബിൽഡിംഗ് സർട്ടിഫിക്കറ്റ് ഓൺലൈൻ ആയ ഡൗൺലോഡ് ചെയ്യാൻ കഴിയുന്നു. ഈ സർട്ടിഫിക്കറ്റ് കെട്ടിടത്തിന്റെ കാലപ്പഴക്കം, കെട്ടിടത്തിന്റെ വിലാസം, ഉടമയുടെ വിവരങ്ങൾ, കൈവശക്കാരന്റെ വിവരങ്ങൾ, കെട്ടിടത്തിന്റെ നികുതി വിവരങ്ങൾ, നികുതി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ, കെട്ടിടത്തിന്റെ തരം എന്നിവ തെളിയിക്കുന്നതിന് ഉപയോഗിക്കാൻ കഴിയുന്ന സ്വന്തം ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതികൾ ഒരുമിച്ച് അടവാക്കുന്നതിന് കഴിയുന്നു. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ സ്വതന്ത്രമായ നടത്തിപ്പ് ജനങ്ങളെ പരിചയപ്പെടുത്തുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഇ) | കെ-സ്മാർട്ട് നടപ്പിലാക്കിയ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഐ.കെ.എം സാങ്കേതിക വിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ Facilitation സെന്ററുകൾ മുഖേന വരുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങളും പരിശീലനങ്ങളും നൽകി വരുന്നു. അക്ഷയ സെന്റർ മുഖേനയും ആവശ്യമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനും സജ്ജമാണ്. ഐ.കെ.എമ്മിന്റെ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ നേതൃത്വത്തിൽ ഹെൽപ്ഡെസ്ക് സംവിധാനത്തിലൂടെയും പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനും സജ്ജമാണ്. കെ-സ്മാർട്ട് സംബന്ധിച്ച വീഡിയോ ട്യൂട്ടോറിയലുകൾ, ചോദ്യോത്തരങ്ങൾ അടങ്ങുന്ന ലഘു രേഖകൾ ഐ.കെ.എമ്മിന്റെ വെബ്സൈറ്റിലും, അർബൻ ലോക്കൽബോഡികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഇ-ലിറ്ററസിയുടെ ഭാഗമായുള്ള ക്യാമ്പയ്നിൽ കൂടുതൽ പരിശീലനങ്ങൾ ഉൾപ്പെടുത്തി എല്ലാ സിറ്റിസണും കെ-സ്മാർട്ട് ഉപയോഗിക്കുന്നതിന് സ്വയം പര്യാപ്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ